പാഠം 3

# ന്യായപ്രമാണം ഗുരുവായി

## ശബ്ബത്ത് സായാഹ്നം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ആവ. 6:5; 31:9–27; റോമർ 3:19–23; വെളി. 12:17; 14:12; മർക്കൊസ് 6:25–27; എബ്രാ. 5:8**

**മനഃപാഠവാക്യം: "നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം" (ആവ. 6:5).**

ഗലാത്യരെ നിയമസിദ്ധാന്തത്തിനെതിരെ താക്കീത് ചെയ്തപ്പോൾ, പൗലൊസ് എഴുതി, "ജീവിപ്പിപ്പാൻ കഴിയുന്നൊരു ന്യായപ്രമാണം നല്കിയിരുന്നു എങ്കിൽ ന്യായപ്രമാണം വാസ്തവമായി നീതിക്ക് ആധാരമാകുമായിരുന്നു" (ഗലാ. 3:21). നിശ്ചയമായും, ഏതൊരു ന്യായപ്രമാണത്തിനും "ജീവൻ നൽകാമായിരുന്നെങ്കിൽ" അതാകുമായിരുന്നു ദൈവത്തിന്റെ ന്യായപ്രമാണം. എന്നിട്ടുകൂടി, പൗലൊസ് ചൂണ്ടിക്കാണിക്കുന്നത്, നാം പാപികളെന്ന നിലയ്ക്ക്, ദൈവത്തിന്റെ ന്യായപ്രമാണത്തിനുപോലും ജീവൻ നൽകാനാകില്ല, എന്തുകൊണ്ട്?

"എങ്കിലും വിശ്വസിക്കുന്നവർക്കു വാഗ്ദത്തം യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കേണ്ടതിനു തിരുവെഴുത്ത് എല്ലാവരെയും പാപത്തിൻ കീഴടച്ചുകളഞ്ഞു" (ഗലാ. 3:22).

എന്നിരുന്നാലും, ന്യായപ്രമാണത്തിനു പാപികൾക്ക് ജീവൻ നൽകാൻ കഴിയുന്നില്ല എങ്കിൽ, നമുക്കുള്ള കൃപയുടെ ആവശ്യകത നമ്മെ കാണിക്കുവാനല്ലെങ്കിൽ അതിന്റെ ഉദ്ദേശ്യം എന്താണ്? അങ്ങനെയെങ്കിൽ ന്യായപ്രമാണത്തിന്, നിഷേധാത്മക പ്രവർത്തനം മാത്രമേയുള്ളോ, നമ്മുടെ പാപങ്ങൾ കാണിക്കുന്നതിനായി മാത്രം?

അല്ല; ന്യായപ്രമാണമുള്ളത് യേശുവിൽ മാത്രം കാണപ്പെടുന്ന ജീവന്റെ വഴിയിലേക്ക് നമ്മെ ചൂണ്ടിക്കാണിക്കുവാനാണ്. ശരിയായ വിദ്യാഭ്യാസവും ഇതുതന്നെ ആയിരിക്കണം, കൃപയിലും, വിശ്വാസത്തിലും, ക്രിസ്തുവിനോടുള്ള അനുസരണത്തിലുമുള്ള ഒരു ജീവിതത്തിലേക്ക് നമ്മെ ചൂണ്ടിക്കാണിക്കുക. അതിനാലാണ് ക്രിസ്തീയ വിദ്യാഭ്യാസത്തിൽ ദൈവത്തിന്റെ ന്യായപ്രമാണത്തിനുള്ള പങ്കിനെപ്പറ്റി നാം ഈയാഴ്ച പഠിക്കാൻ പോകുന്നത്. നാം അങ്ങനെ ചെയ്യുമ്പോൾ, ന്യായപ്രമാണത്തിനു നമ്മെ രക്ഷിക്കാൻ കഴിയില്ലെങ്കിൽ കൂടി അതിനു നമ്മെ വിശ്വാസത്തെക്കുറിച്ചും, കൃപയെക്കുറിച്ചും, വീഴ്ച ഭവിച്ച മനുഷ്യജാതിയോടുള്ള നമ്മുടെ ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും നമ്മെ എന്ത് പഠിപ്പിക്കാൻ കഴിയും എന്ന് നമുക്ക് നോക്കാം.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഒക്ടോബർ 17 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ദൈവത്തെ ഭയപ്പെടാനും സ്നേഹിക്കാനും

ഒടുവിൽ ഒരു പുതിയ തലമുറ വാഗ്ദത്തദേശത്ത് പ്രവേശിക്കുന്നതിനു മുമ്പ് യിസ്രായേലിനോടുള്ള മോശെയുടെ അവസാന വാക്കുകളാണ് ആവർത്തനപുസ്തകത്തിലുള്ളത്. എന്നാൽ അവർ അത് ചെയ്യുന്നതിനുമുമ്പ് അവന് അവർക്കായി ചില വ്യക്തമായ വാക്കുകളും നിർദ്ദേശങ്ങളുമുണ്ട്.

**ആവ. 31:9–13 വായിക്കുക. ദൈവത്തെ ഭയപ്പെടുക എന്നതിന്റെ അർത്ഥമെന്താണ്?**

യിസ്രായേലിന് ദൈവം ന്യായപ്രമാണം നൽകിയത് ആ വഴികളെക്കുറിച്ച് അവനു നിശ്ചയമുണ്ടായിരുന്നതുകൊണ്ടാണ്. അവന്റെ ന്യായപ്രമാണങ്ങൾ മറക്കപ്പെടാതിരിക്കാൻ വേണ്ട എല്ലാ നടപടികളും അവൻ ചെയ്തിരുന്നു. ഈ തരത്തിൽ, ദൈവം ഒരു ദീർഘക്ഷമയുള്ള അദ്ധ്യാപകനായിരുന്നു. അവൻ അഭ്യസിപ്പിക്കുകയും, ആവർത്തിക്കുകയും, പ്രവാചകന്മാരെ അയയ്ക്കുകയും അവന്റെ ദൂത് നൽകുവാൻ അവന്റെ ദാസന്മാരെ ഉപയോഗിക്കുകയും ചെയ്യുന്നു. അവൻ അത് വീണ്ടും വീണ്ടും ചെയ്തു. ഉറപ്പായും, പഴയനിയമ എഴുത്തുകളിൽ അധികവും ദൈവം അവന്റെ ജനങ്ങളെ ജീവന്റെ വഴി പിന്തുടരാൻ പഠിപ്പിക്കുന്നതല്ലാതെ മറ്റെന്താണ്?

ഈ വാക്യങ്ങളിൽ മോശെ എങ്ങനെയാണ് വരും തലമുറകൾ ന്യായപ്രമാണം പഠിക്കുന്നതിനെക്കുറിച്ച് ഊന്നൽ നൽകിയിരിക്കുന്നതെന്ന് ശ്രദ്ധിക്കുക. മോശെ അതിനെ രണ്ടു പടികളുള്ള പ്രക്രിയയായാണ് വിവരിക്കുന്നത്.

ഒന്നാമത് കുഞ്ഞുങ്ങൾ ന്യായപ്രമാണം കേൾക്കും, പിന്നീട് അവർ "യഹോവയെ ഭയപ്പെടുവാൻ പഠിക്കും" (ആവ. 31:13).

അതായത്, ന്യായപ്രമാണം പഠിക്കുന്നത് മുൻകൂട്ടി അനുമാനിക്കുന്നത് ഭയം എന്നത് ന്യായപ്രമാണം പഠിക്കുന്നതുകൊണ്ടുണ്ടാകുന്ന സ്വാഭാവിക പരിണതഫലം ആയിരിക്കില്ല എന്നാണ്. ദൈവത്തെ ഭയപ്പെടുന്ന പ്രക്രിയ പഠിക്കേണ്ടിയിരിക്കുന്നു. മോശെ സൂചിപ്പിക്കുന്നത് ജ്ഞാനവും ഭയവും ഒരു പ്രക്രിയ ആണെന്നാണ്, അല്ലാതെ ഉടനെയുള്ള കാരണവും ഫലവുമായുള്ള ബന്ധമല്ല.

ജനങ്ങളോട് "നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം" (ആവ. 6:5) എന്നുകൂടെ പറയുമ്പോൾ "ദൈവത്തെ ഭയപ്പെടുക" എന്നതിന്റെ അർത്ഥം എന്താണ്? ഒരുപക്ഷേ നമുക്ക് ഇതിനെ ഒരു കുഞ്ഞ് ഒരു നല്ല പിതാവിനെ സ്നേഹിക്കുകയും ഭയപ്പെടുകയും ചെയ്യുന്ന രീതിയോട് താരതമ്യപ്പെടുത്താം. അതേ, നാം ഒരേ സമയം ദൈവത്തെ ഭയപ്പെടുകയും സ്നേഹിക്കയും വേണം, നമുക്ക് അതിന് കഴിയും. അവ വിരുദ്ധമായ ആശയങ്ങളല്ല. നാം ദൈവത്തെക്കുറിച്ച് കൂടുതൽ പഠിക്കുമ്പോൾ, അവന്റെ നന്മ കാരണം നാം അവനെ കൂടുതൽ സ്നേഹിക്കാൻ ഇടയാകും. എന്നാൽ, നാം ദൈവത്തെ കൂടുതൽ അറിയും തോറും, നമുക്കവനെ കൂടുതൽ ഭയപ്പെടാനും കഴിയും. കാരണം അവൻ എത്ര വിശുദ്ധിയുള്ളവനും നീതിമാനുമാണെന്നും, അതിനു വിരുദ്ധമായി നാം എത്ര പാപവും അനീതിയും ഉള്ളവരാണെന്നും, എങ്ങനെ കൃപ അർഹിക്കാത്ത യോഗ്യതയിൽമാത്രംനാം നശിപ്പിക്കപ്പെടാത്തതെന്നും തിരിച്ചറിയും.

**ഒരേ സമയം ദൈവത്തെ ഭയപ്പെടുകയും സ്നേഹിക്കുകയും ചെയ്ക എന്നതിന്റെ അർത്ഥം എന്താണെന്ന് നിങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു?**

## നിങ്ങൾക്കെതിരെ ഒരു സാക്ഷ്യം

അവൻ താമസിയാതെ മരിക്കുമെന്ന് മോശെ മനസ്സിലാക്കിയപ്പോൾ, അവൻ അവശേഷിപ്പിച്ച് പോകുന്ന സാഹചര്യത്തെക്കുറിച്ച് അവന് അഗാധമായ ബോധ്യമുണ്ടായിരുന്നു. അവന്റെ മരണശേഷം യിസ്രായേൽമക്കൾ വാഗ്ദത്തനാടായ കനാനിലേക്ക് പ്രവേശിക്കുമെന്ന് അവനറിയാം. ദീർഘനാളായി നോക്കിപ്പാർത്തിരുന്ന ലക്ഷ്യസ്ഥാനത്ത് എത്തുന്നതോടെ അവർ കലഹപ്രിയരായി തീരുമെന്നും അവന് അറിയാമായിരുന്നു.

**ആവ. 31:14–27 വായിക്കുക.**

**മോശെയുടെ മരണത്തിനു മുമ്പ് അവൻ എന്ത് ഒരുക്കങ്ങളാണ് ചെയ്യുന്നത്? മോശെയുടെ മുഖ്യ ഉത്കണ്ഠകൾ എന്തൊക്കെയായിരുന്നു, ആ ഉത്കണ്ഠകളെ അവൻ എങ്ങനെ സംബോധന ചെയ്യുന്നു?**

ഇവിടെ മോശെയുടെ സ്വരം ഒരു പകരക്കാരനായി തയ്യാറെടുക്കുന്ന ഒരു അദ്ധ്യാപകനെപ്പോലെയാണെന്ന് തോന്നാം. അവന്റെ വിദ്യാർത്ഥികൾ അവന്റെ സാന്നിദ്ധ്യത്തിൽ ക്ലാസ്മുറിയിൽ മോശമായി പെരുമാറിയിട്ടുണ്ട്; അവന്റെ അസാന്നിദ്ധ്യത്തിൽ അവർ കലഹിക്കില്ല എന്ന് മനഃപൂർവ്വമായി അവൻ ചിന്തിക്കില്ല. നിയമപെട്ടകം ചുമന്ന ലേവ്യരോട് അതിന്റെ അടുത്തായി ഒരു “സാക്ഷിയായി” നിയമപ്രമാണ പുസ്തകം വയ്ക്കുവാൻ അവൻ നിർദ്ദേശിച്ചു. അവന്റെ പകരക്കാരന് മോശെ വെറുതെ ഒരു പാഠ്യപദ്ധതി കൈമാറുകയല്ല. അവൻ ഒരു സാക്ഷിയെ കൈമാറുകയാണ്.

ന്യായപ്രമാണപുസ്തകത്തെക്കുറിച്ച് മോശെ സംസാരിക്കുന്നത് അത് മനുഷ്യരുടെ ഹൃദയങ്ങളെ ശാസിക്കുവാൻ അധികാരമുള്ള ഒരു ജീവനുള്ള വ്യക്തി എന്ന നിലയ്ക്കാണ്.

**ന്യായപ്രമാണത്തെ “അവർക്കെതിരെയുള്ള സാക്ഷി” ആയി ചിന്തിക്കുക. പുതിയനിയമത്തിലും ഈ ആശയത്തെ നാം എങ്ങനെ മനസ്സിലാക്കുന്നു? റോമർ 3:19–23 കാണുക. അതായത്, നമുക്കുള്ള കൃപയുടെ ആവശ്യത്തിലേക്ക് ന്യായപ്രമാണം എങ്ങനെ വിരൽ ചൂണ്ടുന്നു?**

ആവർത്തനം 31 ൽ, കർത്താവ് മോശെയെ പഠിപ്പിച്ച ഒരു പാട്ട് എഴുതിയെടുക്കാൻ ദൈവം നിർദ്ദേശിക്കുന്നു. പിന്നീട് മോശെ ഈ പാട്ട് യിസ്രായേല്യരെ പഠിപ്പിക്കണം, അങ്ങനെയാകുമ്പോൾ 19-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നതുപോലെ “യിസ്രായേൽമക്കളുടെ നേരെ ഈ പാട്ട് എനിക്കു സാക്ഷിയായിരിക്കേണ്ടതിന് അത് അവർക്ക് വായ്പാഠമാക്കി കൊടുക്കുക” (ആവ. 31:19). ദൈവത്തിന്റെ നിർദ്ദേശങ്ങൾക്ക് മാനുഷത്വം കൊടുത്തിരിക്കുന്നത് വീണ്ടും നാം കാണുന്നു. ഒരു പാട്ട്, പാടപ്പെടുമ്പോൾ, കൂടുതൽ എളുപ്പത്തിൽ പരക്കുകയും പങ്കുവെക്കപ്പെടുകയും ചെയ്യും. അങ്ങനെ പാട്ട് ഒരു സാക്ഷിയാകുമ്പോൾ, അതിന് ജനങ്ങളെ അവരിലേക്ക് തന്നെ നോക്കി അവരെക്കുറിച്ച് എന്തു പറയുന്നു എന്ന് കാണുവാൻ കാരണമാകുന്നു.

**നമ്മുടെ സകല ദൈവദായകമായ ശക്തിയോടും കൂടി നാം ദൈവത്തിന്റെ ന്യായപ്രമാണം അനുസരിക്കുവാൻ ശ്രമിക്കുമ്പോൾ, എന്ത് രീതികളിലാണ് “നമുക്കെതിരെ സാക്ഷ്യമായി” അവന്റെ ന്യായപ്രമാണം പ്രവർത്തിക്കുന്നത്? നമ്മുടെ ജീവിതങ്ങളിൽ വേണ്ട സുവിശേഷത്തിന്റെ ആവശ്യത്തെക്കുറിച്ച് ഈ സാക്ഷി നമ്മെ എന്ത് പഠിപ്പിക്കുന്നു?**

## നിങ്ങൾക്ക് സമൃദ്ധി ഉണ്ടാകേണ്ടതിന്

ദൈവത്തിന്റെ ന്യായപ്രമാണം അറിയുകയും പ്രമാണിക്കുകയും ചെയ്യുമ്പോഴു ണ്ടാകുന്ന മറ്റ് ഫലങ്ങളെക്കുറിച്ച് വേദപുസ്തകത്തിലുടനീളം നാം കേൾക്കുന്നു.

**യോശുവ 1:7,8 വായിക്കുക. ദൈവം യോശുവയോട് എന്ത് പറയുകയായിരുന്നു, അവിടെ കാണപ്പെടുന്ന തത്വങ്ങൾ ഇന്ന് നമുക്ക് എങ്ങനെ ബാധകമാണ്?**

അവൻ കനാനിലേക്ക് പ്രവേശിക്കുമ്പോൾ ദൈവം യോശുവയോട് പറയുന്നു: "എന്റെ ദാസനായ മോശെ നിന്നോട് കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും... നീ ശുഭമായിരിക്കേണ്ടതിന് അതു വിട്ട് ഇടത്തോട്ടോ വലത്തോട്ടോ മാറരുത്" (യോശുവ 1:7).

വിജയം അനുസരണത്തിന്റെ ഒരു ഉപ ഉല്പന്നമാണ് എന്ന ഈ ആശയം ഒരുപക്ഷേ ഇന്ന് നമ്മുടെ ലോകത്തിൽ വിജയത്തെ അളക്കുന്ന രീതിയിൽനിന്ന് വിരുദ്ധമായി തോന്നിയേക്കാം. ഇന്ന് അനേകർ വിശ്വസിക്കുന്നത് വിജയത്തിന്റെ മുദ്രകൾ പുതു തായ കണ്ടെത്തൽ, സൃഷ്ടിപരമായ പ്രവൃത്തി, സ്വയാശ്രയം എന്നിവയാണെന്നാണ്. ഒരു പ്രത്യേകമായ വ്യവസായത്തിൽ വിജയിക്കുന്നതിന് മിക്കവാറും അസാധാരണ മായ കഴിവും, അപകടമോ നഷ്ടമോ നേരിടാനുള്ള ധൈര്യവും ആവശ്യമാണ്.

എന്നിരുന്നാലും, ദൈവത്തിന്റെ കണ്ണുകളിൽ വിജയത്തിന് ആവശ്യം വ്യത്യസ്ത മായ ഒരു കൂട്ടം കഴിവുകളാണ്.

**വെളി. 12:17; 14:12; റോമർ 1:5; 16:26; യാക്കോബ് 2:10-12 എന്നിവ വായിക്കുക. ദൈവത്തിന്റെ ന്യായപ്രമാണത്തോടുള്ള അനുസരണത്തെക്കുറിച്ച് ഈ വാക്യങ്ങൾ ഇന്ന് നമ്മോട് എന്താണ് പറയുന്നത്? അതായത്, ദൈവത്തിന്റെ ന്യായപ്രമാണം അനു സരിച്ചാലും നാം രക്ഷപ്പെടുന്നില്ല എന്നു വരികിലും, നാം അത് അനുഷ്ഠിക്കണം എന്നത് എന്തുകൊണ്ട് അത്ര പ്രധാനമായിരിക്കുന്നു?**

പഴയനിയമം, പുതിയനിയമം, പഴയ ഉടമ്പടി, പുതിയ ഉടമ്പടി - അത് കാര്യമല്ല: വേദപുസ്തകം വിശ്വസിക്കുന്ന ക്രിസ്ത്യാനികൾ എന്ന നിലയിൽ ദൈവത്തിന്റെ ന്യായ പ്രമാണത്തോടുള്ള അനുസരണത്തിനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. പാപം എന്നു കൂടി അറിയപ്പെടുന്ന ന്യായപ്രമാണലംഘനം വേദനയിലേക്കും, കഷ്ടതയിലേക്കും, നിത്യമരണത്തിലേക്കും മാത്രമേ നയിക്കുകയുള്ളൂ. ദൈവത്തിന്റെ ന്യായപ്രമാണലം ഘനത്തിന്റെയും പാപത്തിന്റെയും ഫലങ്ങൾ ആരാണ് സ്വയമായി കാണാത്തതും മനസ്സിലാക്കാത്തതും? ദൈവത്തിന്റെ ന്യായപ്രമാണം അനുസരിക്കുന്നതിലൂടെ പുരാ തന യിസ്രായേൽ അഭിവൃദ്ധി പ്രാപിച്ചതുപോലെതന്നെ (അവർക്കു കൃപയും ആവ ശ്യമായിരുന്നെങ്കിൽ കൂടി) ഇന്ന് നമ്മുടെ കാര്യത്തിലും അതിന് വ്യത്യാസമൊന്നു മില്ല. അതിനാൽ, ദൈവത്തിന്റെ കൃപയിൽ ആശ്രയിക്കുകയും വിശ്വാസത്താൽ ജീവി ക്കുകയും ചെയ്യുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുവാൻ ക്രിസ്തീയ വിദ്യാഭ്യാസ ത്തിന്റെ ഭാഗമായി ദൈവത്തിന്റെ പ്രമാണത്തെ ഒരു കേന്ദ്രഘടകമായി നാം നില നിർത്തേണ്ടതുണ്ട്.

**പാപത്തിന്റെ പരിണതഫലങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ സ്വന്തം അനുഭവങ്ങൾ എന്തായിരുന്നു? ഒരുപക്ഷേ, മറ്റുള്ളവർ അതേ തെറ്റുകൾ ചെയ്യാതിരിക്കത്തക്കവണ്ണം അവരുമായി പങ്കുവെക്കാനുള്ള എന്താണ് നിങ്ങൾ പഠിച്ചിട്ടുള്ളത്?**

## ന്യായപ്രമാണപാലകരുടെ പോരാട്ടങ്ങളും കഷ്ടപ്പാടുകളും

ദൈവം സമൃദ്ധി നൽകിയ ജനങ്ങളിൽ തെളിവായതുപോലെ, ദൈവത്തിന്റെ ന്യായപ്രമാണം പിൻപറ്റുന്നതിലൂടെ വളരെയധികം പ്രയോജനങ്ങളുണ്ട്. യോശുവ ദൈവത്തിന്റെ ഉപദേശങ്ങൾ ശരിയായി പിൻപറ്റുകയും, യിസ്രായേൽജനത്തെ നന്നായി നയിക്കുകയും ചെയ്തു. അവർ ന്യായപ്രമാണം അനുസരിക്കുകയാണെങ്കിൽ, അവർ അഭിവൃദ്ധി പ്രാപിക്കും എന്ന് ദൈവം അവരോട് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു.

**2 ദിന. 31:20,21 വായിക്കുക. എന്തുകൊണ്ട് യെഹിസ്കീയാവ് അഭിവൃദ്ധി പ്രാപിച്ചു എന്നതിനെക്കുറിച്ചുള്ള എന്ത് സുപ്രധാന കാരണങ്ങളാണ് ഈ പുസ്തകഭാഗത്തുള്ളത്?**

നാം ഏത് വിദ്യാഭ്യാസസ്ഥലത്തായിരുന്നാലും, നാം അനുസരണത്തിന്റെ പ്രാധാന്യത്തിന് ഊന്നൽ കൊടുക്കണം. എന്നിരുന്നാലും, നമ്മുടെ വിദ്യാർത്ഥികൾ ബുദ്ധിശൂന്യരല്ല. ഉടനെയോ പിന്നീടോ അവർ ആ നിഷ്ഠുരമായ വസ്തുത ശ്രദ്ധിക്കും, ചില മനുഷ്യർ വിശ്വസ്തരും, സ്നേഹമുള്ളവരും, അനുസരണയുള്ളവരുമാണ്. എന്നിട്ടു കൂടി എന്താണ്? ദുരന്തം അവരെയും പ്രഹരിക്കുന്നു. ഇത് നാം എങ്ങനെ വിശദീകരിക്കും? നമുക്ക് കഴിയില്ല എന്നതാകുന്നു വസ്തുത. നാം പാപത്തിന്റെയും ദുഷ്ടതയുടെയും ഒരു ലോകത്തിലാണ് ജീവിക്കുന്നത്, വൻപോരാട്ടം ശക്തമായി നടക്കുന്ന ഒരു ലോകത്തിൽ, നാം ആരും തന്നെ അതിൽനിന്നും മുക്തരുമല്ല.

**ഈ ബുദ്ധിമുട്ടേറിയ ചോദ്യത്തെക്കുറിച്ച് ഈ വാക്യങ്ങൾ നമ്മെ എന്തു പഠിപ്പിക്കുന്നു?**

**മർക്കൊസ് 6:25-27; ഇയ്യോബ് 1, 2; 2 കൊരി. 11:23-29**

നല്ലവരും, വിശ്വസ്തരും, നിയമം പാലിക്കുന്നവരുമായ മനുഷ്യർ എല്ലായ്പോഴും അഭിവൃദ്ധി പ്രാപിച്ചിട്ടില്ല, കുറഞ്ഞപക്ഷം സമൃദ്ധിയെക്കുറിച്ച് ലോകം മനസ്സിലാക്കുന്ന രീതിയിലെങ്കിലും. ഇവിടെയും, ഈ വിഷമകരമായ ചോദ്യത്തിന് ഉത്തരം ഭാഗികമായിരിക്കും, നാം ന്യായപ്രമാണത്തിന്റെ പ്രാധാന്യം പഠിപ്പിക്കാൻ ശ്രമിക്കുമ്പോൾ ഈ ചോദ്യം സംശയലേശമെന്യ ചോദിക്കപ്പെടും. "സമൃദ്ധി" എന്നതുകൊണ്ട് നാം കൃത്യമായി അർത്ഥമാക്കുന്നതെന്താണ്? സങ്കീർത്തനക്കാരൻ എന്ത് പറഞ്ഞു? "ദുഷ്ടന്മാരുടെ കൂടാരങ്ങളിൽ പാർക്കുന്നതിനെക്കാൾ എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽകാവൽക്കാരനായിരിക്കുന്നത് എനിക്ക് ഏറെ ഇഷ്ടം" (സങ്കീ. 84:10). ലോകനിലവാരമനുസരിച്ച്, ദൈവത്തോട് വിശ്വസ്തരും ന്യായപ്രമാണത്തോട് അനുസരണയുള്ളവരുമായവർ എപ്പോഴും "സമൃദ്ധി" പ്രാപിക്കാറില്ല എന്നതിന് സംശയമൊന്നുമില്ല, കുറഞ്ഞ പക്ഷം ഇപ്പോഴത്തേക്കെങ്കിലും. ഇങ്ങനെയല്ല എന്ന് പറയുന്നത്, നാം വിദ്യാർത്ഥികളോട് ചെയ്യുന്ന ഉപദ്രവമായിരിക്കും.

**എബ്രാ. 11:13-16 വായിക്കുക. വിശ്വസ്തരായവർ എന്തുകൊണ്ടാണ് ഈ ജീവിതത്തിൽ ഇപ്പോഴും കഷ്ടതയനുഭവിക്കുന്നത് എന്ന് മനസ്സിലാക്കുവാൻ ഈ വാക്യങ്ങൾ നമ്മെ എങ്ങനെ സഹായിക്കുന്നു?**

## നമ്മുടെ മാതൃക, യേശു

ദൈവത്തിന്റെ പുത്രനായ, യേശുക്രിസ്തു പിതാവിനോടുള്ള തികഞ്ഞ അനുസരണത്തിലും, ദൈവത്തിന്റെ ന്യായപ്രമാണത്തോടുള്ള തികഞ്ഞ അനുസരണത്തിലുമാണ് തന്റെ ഏകമനുഷ്യജീവിതം ജീവിച്ചത്. അവൻ ഇത് ചെയ്തത് നമ്മുടെ പകരക്കാരനാകാനല്ല, അവൻ പകരക്കാരൻ ആയിരുന്നു, കൂടാതെ നമ്മുടെ മാതൃകയും ആയിരുന്നു.

**തുടർന്നുള്ള പാഠഭാഗങ്ങൾ വായിക്കുക:**

**ലൂക്കൊസ് 2:51,52; ഫിലി. 2:8; എബ്രാ. 5:8; യോഹ. 8:28,29. അവന്റെ ജീവിതത്തിൽ ഉടനീളമുള്ള ക്രിസ്തുവിന്റെ അനുസരണത്തെ അവ നമ്മെ എങ്ങനെ ഓർമ്മപ്പെടുത്തുന്നു?**

ഒരുപക്ഷേ യോഹന്നാൻ ഇത് ഏറ്റവും നന്നായി പറഞ്ഞത് ഇത് എഴുതിയപ്പോൾ ആയിരിക്കും: "അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു" (1 യോഹ. 2:6). ഭൂമിയിലുള്ള അവന്റെ ശുശ്രൂഷയിലും ക്രിസ്തുവിന്റെ ജീവിതത്തിലും നമ്മുടെ ദൃഷ്ടികൾ പതിക്കുമ്പോൾ, അവന്റെ അനുസരണത്തിലൂടെ അവൻ എങ്ങനെയാണ് പിതാവിനെ പ്രീതിപ്പെടുത്തിയതെന്ന് കാണാൻ എളുപ്പമാണ്. ക്രിസ്തു നിശ്ചയമായും പ്രവചനം നിവൃത്തിയാക്കി, അതോടൊപ്പം അവന്റെ ജീവിതകാലം മുഴുവൻ ദൈവത്തിന്റെ ന്യായപ്രമാണം ഉയർത്തിപ്പിടിച്ചു.

ഇപ്പോൾ, പിൻപറ്റാൻ ഒരു കൂട്ടം നിയമങ്ങളുണ്ടായിരിക്കുന്നതിനു പകരം, നമുക്ക് പിൻപറ്റുവാൻ യേശുവിന്റെ മാതൃകയുണ്ട്, മജ്ജയും മാംസവും ഉള്ള ഒരു മനുഷ്യൻ. അദ്ധ്യാപകരെന്ന നിലയിൽ, യേശുവിന്റെ മാതൃകയും അവൻ എങ്ങനെ അവന്റെ പിതാവിനെ അനുസരിച്ചു എന്നതുമല്ലാതെ ഏത് മെച്ചപ്പെട്ട മാതൃകാപുരുഷനെയാണ് നമുക്ക് വിദ്യാർത്ഥികൾക്ക് നൽകാൻ കഴിയുക?

"ദൈവത്തോടുള്ള അനുസരണം എന്ന കടപ്പാടിൽനിന്ന് മനുഷ്യനെ വിടുതൽ ചെയ്യുന്നു എന്ന് അവകാശപ്പെടുന്ന ആ നാമമാത്രമായ ക്രിസ്തുവിലുള്ള വിശ്വാസം, വിശ്വാസമല്ല, പിന്നെയോ അനുമാനം മാത്രമാണ്. 'കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്.' 'അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവേ നിർജീവമാകുന്നു' (എഫെ. 2:8; യാക്കോബ് 2:17). അവൻ ഭൂമിയിലേക്ക് വരുന്നതിനു മുമ്പേ യേശു അവനെക്കുറിച്ചു തന്നെ പറഞ്ഞു, എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്വാൻ ഞാൻ പ്രിയപ്പെടുന്നു; നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു' (സങ്കീ. 40:8). കൂടാതെ സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു തൊട്ടുമുമ്പ് അവൻ പ്രഖ്യാപിച്ചു, 'ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ' (യോഹ. 15:10). തിരുവെഴുത്ത് പറയുന്നു, 'അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു... അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു' (1 യോഹ. 2:3-6)" - E. G. White, Steps to Christ, p. 61.

നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ക്രിസ്തുവിന്റെ മാതൃക മെച്ചമായി ചെയ്യുവാനും അപ്രകാരം മറ്റുള്ളവർക്ക് ഒരു നല്ല അദ്ധ്യാപകനാകുവാനും നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും? അത് വളരെ പഴഞ്ചനായ ഒരാശയമാണെങ്കിലും നാം ചെയ്യുന്ന പ്രവൃത്തികൾ നാം പറയുന്നതിനെക്കാൾ ഉച്ചത്തിൽ സംസാരിക്കുന്നതെന്തുകൊണ്ട്?

## കൂടുതൽ ചിന്ത:

വീണ്ടെടുപ്പിന്റെയും സൃഷ്ടിപ്പിന്റെയും അടിസ്ഥാനമായ സ്നേഹമാണ് ശരിയായ വിദ്യാഭ്യാസത്തിന്റെയും അടിസ്ഥാനം. ജീവിതത്തിന്റെ വഴികാട്ടിയായി ദൈവം നൽകിയിരിക്കുന്ന ന്യായപ്രമാണത്തിൽ ഇത് വളരെ വ്യക്തമാക്കിയിട്ടുണ്ട്. ഒന്നാമത്തേതും വലിയതുമായ കല്പന എന്നത് "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം എന്നുള്ളതാണ്" (ലൂക്കൊസ് 10:27). സർവ്വജ്ഞാനിയും നിത്യനുമായവനെ പൂർണ്ണഹൃദയത്തോടും, മനസ്സോടും, ശക്തിയോടും കൂടെ സ്നേഹിക്കണം, എന്നതിനർത്ഥം എല്ലാ കഴിവുകളുടെയും ഏറ്റവും ഉന്നതമായ വികാസമാണ്. ഇതിനർത്ഥം സമ്പൂർണ്ണമായി - ആത്മാവും മനസ്സും ശരീരവും - ദൈവസ്വരൂപം പുനഃസ്ഥാപിക്കണം എന്നാണ്.

"രണ്ടാമത്തേത് അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം" (മത്തായി 22:39). സ്നേഹത്തിന്റെ ന്യായപ്രമാണം ആവശ്യപ്പെടുന്നത് ആത്മാവും മനസ്സും ശരീരവും ദൈവത്തിന്റെയും സഹജീവികളുടെയും സേവനത്തിനായി സമർപ്പിക്കുക എന്നാണ്. ഈ സേവനമാകട്ടെ, നമ്മെ മറ്റുള്ളവർക്ക് ഒരനുഗ്രഹമായി തീർക്കുന്നതിനൊപ്പം, നമുക്കു തന്നെ ഏറ്റവും വലിയ അനുഗ്രഹങ്ങൾ നൽകുന്നു. ശരിയായ വികസനത്തിന്റെ എല്ലാം അടിത്തറ നിസ്വാർത്ഥതയാണ്. നിസ്വാർത്ഥമായ സേവനത്തിലൂടെ എല്ലാ കഴിവുകളുടെയും ഏറ്റവും ഉന്നതമായ സംസ്കാരം നമുക്കു ലഭിക്കുന്നു. കൂടുതലായും പൂർണ്ണമായും നാം ആ ദിവ്യ പ്രകൃതത്തിന്റെ ഭാഗഭാക്കുകളായി തീരുന്നു. നാം സ്വർഗ്ഗത്തിന് യോഗ്യരാകുന്നു, കാരണം നാം സ്വർഗ്ഗത്തെ നമ്മുടെ ഹൃദയങ്ങളിലേക്ക് സ്വീകരിക്കുന്നു" - E. G. White, Education, p. 16.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. **പുരാതന യിസ്രായേലിനെപ്പോലെ, ഒരേ സമയം നാം ദൈവത്തെ ഭയപ്പെടുകയും സ്നേഹിക്കുകയും വേണം (മത്തായി 22:37; വെളി. 14:7). ഇവ രണ്ടും നമുക്ക് എങ്ങനെ ചെയ്യാം എന്നതിനെക്കുറിച്ച് കൂടുതലായി ക്ലാസിൽ സംസാരിക്കുക. ഈ ചോദ്യത്തിനും ഉത്തരം നൽകുക: എന്തുകൊണ്ടാണ് ഈ രണ്ട് കല്പനകളും അന്യോന്യം വിരുദ്ധമായിരിക്കാത്തത്?**
2. **ഒരു നിയമം ഉണ്ടാക്കുന്നതും ഒരു നിലവാരം സ്ഥാപിക്കുന്നതും തമ്മിലുള്ള വ്യത്യാസമെന്താണ്? നിങ്ങളുടെ അനുഭവത്തിൽ, അഡ്വെന്റിസ്റ്റ് വിശ്വാസത്തിന് അതിനുള്ളിലുള്ള വിശ്വാസ സമൂഹത്തിന് ഉന്നതമായ നിലവാരം സ്ഥാപിക്കുന്നതിലാണോ അതോ അതിന്റെ സമൂഹത്തെ ഐക്യത്തിലാക്കുന്ന നിയമങ്ങൾ ഉണ്ടാക്കുന്നതിലാണോ താത്പര്യം?**
3. **ദൈവത്തിന്റെ ന്യായപ്രമാണത്തോടുള്ള അനുസരണത്തിന്റെ പ്രാധാന്യം കാണിക്കുന്നതിനും, അതേ സമയം, ഈ അനുസരണം എന്തുകൊണ്ടാണ് നമ്മുടെ രക്ഷയുടെ ഉറവിടമല്ലാത്തത് എന്ന് കാണിക്കുന്നതിനുമുള്ള ശരിയായ സന്തുലിതാവസ്ഥ നാം എങ്ങനെ തിട്ടപ്പെടുത്തും?**
4. **119-ാം സങ്കീർത്തനം ഉടനീളം വായിക്കുക, അതിൽ എത്ര പ്രാവശ്യമാണ് അനുസരണം, സ്വാതന്ത്ര്യം, ന്യായപ്രമാണങ്ങൾ, നിയമങ്ങൾ, കല്പനകൾ എന്നീ ആശയങ്ങൾ പ്രതിപാദിച്ചിരിക്കുന്നത് എന്ന് ശ്രദ്ധിക്കുക. ഈ കേന്ദ്ര ആശയങ്ങളെക്കുറിച്ച് 119-ാം സങ്കീർത്തന രചയിതാവ് എന്താണ് അറിയിക്കുന്നത്?**